# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

26/02/2018-ലെ മറുപടി

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 184*

## ജലപാത വികസനം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അന്വൂപ് ജേക്കബ്**<br>**ശ്രീ. പി.ടി. തോമസ്** | | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| (എ) കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; പ്രസ്തുത പദ്ധതിക്ക് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (എ) | തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ.ഉം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ഉൾപ്പെടുന്ന ദേശീയജലപാത III ന്റെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാൻറ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യവും, ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗത യോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം, ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന |

പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 – 450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയി- ട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തിനുമിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു.

മൂന്ന് ഘട്ടങ്ങളായാണ് ദേശീയജലപാത നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. 2020 -ൽ തീരുന്ന 1 -ാം ഘട്ടത്തിൽ

ലഭ്യമായ വീതിയിൽ കോവളം - ഹോസ്ദുർഗ്ഗ് ഭാഗം ഗതാഗത യോഗ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുശേഷം രണ്ടാം ഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) ജലപാതാ നിർമ്മാണ പുരോഗതി വിലയിരുത്തുവാൻ ഫെബ്രുവരി മാസം ഉന്നതതലയോഗം ചേർന്നിരുന്നുവോ ; എങ്കിൽ പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ ;

(ബി) യോഗം ചേർന്നിരുന്നു. മൂന്ന് ഘട്ടങ്ങളിലായി ജലപാതാനിർമ്മാണം പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നിർമ്മാണ പുരോഗതി എല്ലാമാസവും അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പണികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

(സി) മാഹി മുതൽ വളപട്ടണം വരെ നിലവിൽ ജലപാതയില്ലാത്ത മേഖലയിൽ പുതിയ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും എത്ര ഭൂമി ഇക്കാര്യത്തിനായി ഏറ്റെടുക്കേണ്ടി വരുമെന്നും വ്യക്തമാക്കാമോ ;

(സി) KIIFB യുടെ ധനസഹായത്തോടെ 650 കോടി രൂപ ചെലവിൽ സ്ഥലമേറ്റെടുക്കുന്നതിന് KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) -ന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള സർവ്വേ നടന്നുവരുന്നു. 650 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

(ഡി) ജലപാതവികസനത്തിന്റെ ഭാഗമായി പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കേണ്ട സാഹചര്യത്തിൽ ഇവരുടെ പുനരധിവാസം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഉണ്ട്. ജലപാതാ വികസനത്തിന്റെ ഭാഗമായി പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഇ) | ഈ പദ്ധതിക്കായി എത്ര തുക ചെലവാകുമെന്നും കേന്ദ്രവിഹിതമായി എത്ര തുക ലഭിക്കുമെന്നും വിശദമാക്കാമോ ; | (ഇ) | കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി.മീ. നീളമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിൽ കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ. കേന്ദ്ര ഫണ്ട് ഉപയോഗിച്ച് IWAI ആണ് നടത്തിവരുന്നത്. ഈ പദ്ധതിയുടെ അന്തിമ രൂപരേഖ NATPAC മുഖേന തയ്യാറാക്കിവരുന്നു. അത് ലഭ്യമായാൽ മാത്രമേ ആകെ ചെലവ് എത്രയെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**